**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2725** **22-01-2021 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര ഫോറസ്റ്റ് ആക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ എം ഷാജി | | Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പമന്ത്രി) | |
| (എ) | വന്യമൃഗങ്ങളുടെ ആക്രമണങ്ങളാൽ പരുക്ക് പറ്റുന്നവർക്ക് നൽകുന്ന നഷ്ടപരിഹാരം സംബന്ധിച്ച കേന്ദ്ര ഫോറസ്റ്റ് ആക്ടിനനുസരിച്ച് സംസ്ഥാനത്ത് റൂൾസ്(ചട്ടം) തയ്യാറാക്കി എസ്.ആർ.ഒ. ആയി പ്രസിദ്ധീകരിക്കുന്നതിനുപകരം ഗൈഡ് ലൈൻസ് പ്രസിദ്ധീകരിച്ച കാര്യം വനം വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; | (എ) | എ) 1980-ലെ 'കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ്" എന്ന ചട്ടങ്ങൾക്ക് വിധേയമായാണ് വന്യമൃഗങ്ങളുടെ ആക്രമണങ്ങളാൽ പരിക്കു പറ്റുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നത്. അല്ലാതെ ഗൈഡ് ലൈൻ പ്രകാരമല്ല. |
| (ബി) | പ്രസ്തുത ഗൈഡ് ലൈൻസിൽ വരുത്തിയ ഭേദഗതികൾ സർക്കാർ ഉത്തരവായി ഇറക്കിയ കാര്യം പരിശോധിക്കുമോ; | (ബി) | പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 2(എ), 3(എ) (1), 3(എ) (2), 3(എ) (3), 3(എ) (4), 4(ഡി), (ഡി) തുടങ്ങിയ വ്യവസ്ഥകളിൽ ഭേദഗതി വരുത്തിയാണ് സർക്കാർ കാലാകാലങ്ങളിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. |
| (സി) | കേന്ദ്രനിയമം അനുസരിച്ച് സംസ്ഥാനം ചട്ടം തയ്യാറാക്കുമ്പോൾ പാർലമെന്റിനെ കാണിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | പ്രസ്തുത ചട്ടം നിയമാനുസൃതമായാണ് തയ്യാറാക്കിയിട്ടുള്ളത് |
| (ഡി) | കേന്ദ്രനിയമത്തിൽ സംസ്ഥാനങ്ങളോട് ചട്ടം തയ്യാറാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ഡി) | 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിന് വിധേയമായിട്ടാണ് ടി ചട്ടം തയ്യാറാക്കിയിട്ടുള്ളത്. |
| (ഇ) | ഈ വിഷയത്തിൽ നിയമവകുപ്പിന്റെ നിർദ്ദേശം എന്തായിരുന്നു; വ്യക്തമാക്കുമോ? | (ഇ) | 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിന് വിധേയമായിട്ടാണ് ടി ചട്ടം തയ്യാറാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ